# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 12 30.11.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽവന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23.11.2012, 19.02.2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ., 20.12.2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ., 04.10.2013-ലെ 16203/എ.ആർ.12(1)/ 13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി |

പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്ന തിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21.10.2014-ലെ സർക്കുലർ നമ്പർ. 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷ

കളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15.11.2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ എന്തെല്ലാമാണെന്ന് വിജ്ഞാപനം ചെയ്യണമെന്ന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് ഇനിയും നടപ്പിലാക്കാത്ത വകുപ്പുകളുണ്ടോ ;

(ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27.10.2012-ലെ സ.ഉ.(പി) 56/2012/ ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി നിയമം 3-ാം വകുപ്പുപ്രകാരം, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, പൊതുജന ങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(ജി) വകുപ്പിന്റെ

പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ 120 വകുപ്പുകൾ/ സ്ഥാപനങ്ങൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും വേഗത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

(സി) പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും വേഗത്തിലും നൽകത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, DDFS, e-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്.

കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ പി & എ ആർ ഡി വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. കൂടാതെ ഫയൽ അദാലത്തുകൾ മുഖേനയും പരാതികളും ഫയലുകളും തീർപ്പാക്കി വരുന്നുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ പ്രകാരവും അപേക്ഷകളിന്മേൽ

വേഗം തീരുമാനമെടുത്തു വരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ സർക്കാർ വകുപ്പദ്ധ്യക്ഷന്മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി വരുന്നുണ്ട്. പരാതി കളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് പരിഹരി ക്കുവാൻ മേൽ പരാമർശിച്ച ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ഓൺലൈൻ സേവനങ്ങളും കൂടുതൽ വ്യാപകമാക്കിക്കൊണ്ടിരി ക്കുകയാണ്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| സെക്രട്ടേറിയറ്റിലെ വകുപ്പുകൾ | ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ | |
|---|---|---|
| Agriculture | 1 | കൃഷി ഡയറക്ടറേറ്റ് |
| | 2 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| | 3 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| Animal Husbandry | 4 | മൃഗസംരക്ഷണ വകുപ്പ് |
| | 5 | ക്ഷീര വികസന വകുപ്പ് |
| Backward Classes | 6 | പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ് |
| | 7 | പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് |
| | 8 | പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ |
| Co-operation | 9 | സഹകരണ വകുപ്പ് |
| Culture | 10 | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം |
| | 11 | പുരാവസ്തു വകുപ്പ് |
| | 12 | പുരാരേഖ വകുപ്പ് |
| | 13 | മ്യൂസിയവും മൃഗശാലയും വകുപ്പ് |
| Environment | 14 | മലിനീകരണ നിയന്ത്രണ ബോർഡ് |
| Finance | 15 | ട്രഷറി വകുപ്പ് |
| | 16 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ |
| | 17 | ഇൻഷ്വറൻസ് വകുപ്പ് |
| Fisheries & Ports | 18 | മത്സ്യബന്ധനം |
| | 19 | തുറമുഖം |
| | 20 | ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |
| Food & Civil Supplies | 21 | സിവിൽ സപ്ലൈസ് |
| | 22 | ലീഗൽ മെട്രോളജി |
| Forest&Wildlife | 23 | വനം-വന്യജീവി വകുപ്പ് |
| | 24 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| GAD | 25 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ് |
| | 26 | സൈനിക ക്ഷേമ വകുപ്പ് |
| General Education | 27 | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് |

| | | |
|---|---|---|
| | 28 | പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം |
| | 29 | ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| | 30 | വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം |
| Health & Family Welfare Dept. | 31 | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 32 | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് |
| | 33 | റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് |
| | 34 | കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ(ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 35 | കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി |
| | 36 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS) |
| | 37 | കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ |
| | 38 | കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| | 39 | മലബാർ കാൻസർ സെന്റർ |
| | 40 | ശിശുവികസന കേന്ദ്രം |
| | 41 | ഭാരതീയ നാട്ടുചികിത്സാ വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 42 | കേരള പാരാമെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 43 | കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ |
| | 44 | തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് |
| | 45 | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി |
| | 46 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ) (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 47 | കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO) |
| | 48 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |

| | | |
|---|---|---|
| | 49 | റീജിയണൽ കാൻസർ സെന്റർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 50 | ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 51 | തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 52 | കേരള ഡെന്റൽ കൗൺസിൽ (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| | 53 | കേരള ഹോമിയോപ്പതി വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Higher Education Department | 54 | കോളേജ് വിദ്യാഭ്യാസ വകുപ്പ് |
| | 55 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി |
| | 56 | പ്രിന്റിംഗ് വകുപ്പ് |
| | 57 | സ്റ്റേഷനറി വകുപ്പ് |
| | 58 | കോഴിക്കോട് യൂണിവേഴ്സിറ്റി |
| | 59 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് |
| Home | 60 | പോലീസ് വകുപ്പ് |
| | 61 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്) |
| | 62 | ജയിൽ വകുപ്പ് |
| | 63 | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് |
| Housing Department | 64 | ഹൗസിംഗ് ബോർഡ് |
| | 65 | നിർമ്മിതി കേന്ദ്രം |
| | 66 | ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ് |
| Industries Department | 67 | വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്) |
| | 68 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് |
| | 69 | കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് |
| | 70 | മൈനിംഗ് & ജിയോളജി വകുപ്പ് |
| | 71 | കയർ വികസന ഡയറക്ടറേറ്റ് |
| | 72 | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് |
| Information Technology | 73 | വിവര സാങ്കേതിക വകുപ്പ് |
| Labour Department | 74 | തൊഴിൽ വകുപ്പ് |
| | 75 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് |

| | | |
|---|---|---|
| | 76 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 77 | ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് |
| | 78 | വ്യാവസായിക പരിശീലന വകുപ്പ് |
| Local Self Govt. Dept. | 79 | പഞ്ചായത്ത് വകുപ്പ് |
| | 80 | നഗരകാര്യ വകുപ്പ് |
| | 81 | ഗ്രാമവികസന വകുപ്പ് |
| Norka | 82 | നോർക്ക (സെക്രട്ടേറിയറ്റ്) |
| | 83 | കേരള പ്രവാസി ക്ഷേമ ബോർഡ് |
| Parliamentary Affairs Dept. | 84 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് |
| P&ARD | 85 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്. |
| Planning and Economic Affairs Department | 86 | എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Power | 87 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| | 88 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | 89 | എനർജി മാനേജ്മെന്റ് സെന്റർ |
| | 90 | കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം |
| Public Works Dept. | 91 | പൊതുമരാമത്ത് വകുപ്പ് (റെന്റ്) |
| | 92 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) |
| | 93 | കേരള റോഡ് ഫണ്ട് ബോർഡ് |
| Revenue Department | 94 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |
| | 95 | സർവ്വേയും ഭൂരേഖയും വകുപ്പ് |
| Scheduled Castes - Development Department | 96 | പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 97 | പട്ടികജാതി വികസന വകുപ്പ് |
| | 98 | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ |
| | 99 | സ്ക്രൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| Scheduled Tribes Dept | 100 | പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| | 101 | പട്ടികവർഗ്ഗവികസന വകുപ്പ് |
| | 102 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ |

| | | |
|---|---|---|
| | | ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ |
| Social Justice Department | 103 | സാമൂഹ്യനീതി വകുപ്പ് |
| Stores Purchase Department | 104 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) |
| Taxes Department | 105 | വാണിജ്യ നികുതി വകുപ്പ് |
| | 106 | രജിസ്ട്രേഷൻ വകുപ്പ് |
| | 107 | എക്സൈസ് വകുപ്പ് |
| | 108 | ലോട്ടറീസ് വകുപ്പ് |
| | 109 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| Tourism Department | 110 | ടൂറിസം വകുപ്പ് |
| | 111 | കിറ്റ്സ് (Kerala Institute of Tourism and Travel Studies) |
| | 112 | ഇക്കോ ടൂറിസം വകുപ്പ് |
| Transport Department | 113 | മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്) |
| | 114 | ജലഗതാഗത വകുപ്പ് |
| | 115 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| Vigilance Department | 116 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ |
| Water Resources Dept | 117 | ജലസേചന വകുപ്പ് |
| | 118 | കേരള വാട്ടർ അതോറിറ്റി |
| | 119 | ഭൂജല വകുപ്പ് |
| | 120 | കാഡാ |